# തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി പരിശീലനം

**കോട്ടയം :** സംസ്ഥാന നാളികേര വികസന ബോർഡും കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും സംയുക്തമായി നടത്തുന്ന തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതിയുടെ 2, 3 ബാച്ചുകളുടെ പരിശീലനം 11-ാം തീയതി മുതൽ തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ ആരംഭിക്കുന്നു. തെങ്ങിനെ സ്നേഹിക്കുന്നവരുടെയും പരിചരിക്കുന്നവരുടെയും കൂട്ടായ്മ വളർത്തി നാളികേര കൃഷിയുടെ സർവ്വതോന്മുഖമായ വികസനത്തിന് വഴിയൊരുക്കുവാൻ ലക്ഷ്യമിട്ട് വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയിലെ ആദ്യ ബാച്ച് വിജയകരമായി പരിശീലനം പൂർത്തിയാക്കി. പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന കർഷകർക്ക് തെങ്ങ് കൃഷിയെക്കുറിച്ചും തെങ്ങ് പരിപാലനത്തിന്റെ ശാസ്ത്രീയ വശങ്ങളെക്കുറിച്ചും വിദഗ്ദ്ധർ ക്ലാസ്സുകൾ നയിക്കും. ആറ് ദിവസങ്ങളിലായി സംഘടിപ്പിക്കുന്ന പരിശീലനത്തോടനുബന്ധിച്ച് തെങ്ങ് കയറ്റ പരിശീലനം, തെങ്ങ് കയറ്റ യന്ത്ര പരിചയം, ജൈവകൃഷി രീതി, വിത്ത് തേങ്ങ സംഭരണം, ആശയ വിനിമയം, സമ്പാദ്യശീലം തുടങ്ങിയ വിഷയങ്ങളിലും പരിശീലനം നൽകുന്നതാണ്. ഏഴാം ക്ലാസ്സുവരെ പഠനം പൂർത്തിയാക്കിയ 18 നും 40 നും ഇടയിൽ പ്രായമുള്ള പുരുഷൻമാർക്കും സ്ത്രീകൾക്കും പദ്ധതിയിൽ പങ്കാളികളാകാവുന്നതാണ്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സ്റ്റൈഫന്റും സൗജന്യമായി തെങ്ങ് കയറ്റ മെഷീനും കൂടാതെ ഒരുലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷയും ലഭ്യമാക്കും. കൃഷി പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവച്ചിട്ടുള്ള കെ.എസ്.എസ്.എസ്, നാളികേര വികസന ബോർഡുമായി സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതിയിൽ പങ്കാളികളാകുവാൻ ആഗ്രഹിക്കുന്നവർ 9447812572 നമ്പരിൽ ബന്ധപ്പെടുക.